**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാമസഭകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമസഭകളിൽ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗരേഖയിൽ എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1(4) ൽ പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കണം. ദൃശ്യ-ശ്രാവ്യ-സമൂഹ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല എന്നിവയെ പ്രചരണ പരിപാടിയുടെ ഉപാധികളായി ഉപയോഗിക്കാവുന്നതാണ്. സന്നദ്ധ പ്രവർത്തകരുടെ സേവനം ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഗ്രാമസഭയോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്. ഖണ്ഡിക 3.2.1 (5) ൽ ഗ്രാമസഭാ യോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആണ് സംഘടിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി പെർഫോമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) ഗ്രാമസഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സമർപ്പിക്കേണ്ടതാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമസഭകളിലെ ജനപങ്കാളിത്തം | (ബി) | ഗ്രാമ പഞ്ചായത്തുകളിലെ ജനപങ്കാളിത്തവും |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിനായി ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; | | സംവാദാത്മകതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തു പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അയൽക്കൂട്ടങ്ങളും റെസിഡന്റ് അസോസിയേഷനുകളും ഗ്രാമസഭകളുമായി ബന്ധിപ്പിക്കുന്നതുപോലെ യുവജന ഗ്രാമസഭ, പ്രവാസി ഗ്രാമസഭ, ഓൺലൈൻ ഗ്രാമസഭ തുടങ്ങിയ വിവിധ മാതൃകാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതി വെളിപ്പെടുത്താമോ; | (സി) | പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1 (2) പ്രകാരം ഗ്രാമസഭയിലേയ്ക്ക് പോകുന്നതിന് മുമ്പ് തന്നെ കരട് പദ്ധതി നിർദ്ദേശങ്ങൾ അയൽ സഭകളിലും ഇതര വേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്താവുന്നതാണ്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ഇത്തരം പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്കും ഭരണസമിതിയുടെ പ്രതിബദ്ധതയ്ക്കും അനുസരിച്ച് വിപുലമായി നടത്താവുന്നതാണ്. എന്നാൽ അവ ഓരോന്നും നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ എന്ന നിലയ്ക്ക് ഇവിടെ നിഷ്കർഷിക്കുന്നില്ല. അവ അഭികാമ്യമായ കാര്യങ്ങളാണ്. ഇത്തരത്തിൽ അയൽ സഭകൾക്കൊപ്പം കൂടിയാലോചന നടത്താവുന്ന ഏതാനും വിഭാഗങ്ങളുടെ പട്ടികയിൽ (viii) യുവജനക്ലബ്ബുകൾ, വായനശാലകൾ, കലാ സാംസ്കാരിക സംഘടനകൾ, ബാല കൗൺസിലുകൾ, റസിഡൻസ് അസോസിയേഷനുകൾ, യൂത്ത് ക്ലബ്ബ് ഏകോപന സമിതി (xiii) പ്രവാസികൾ, പ്രവാസി സംഘടനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 3.2.1 (3) പ്രകാരം പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് തദ്ദേസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാണ്. അതിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തതരത്തിൽ അവശതയനുഭവിക്കുന്നവർ, സ്ഥലത്തില്ലാത്തവർ, പ്രവാസികൾ (മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവരടക്കം) തുടങ്ങിയവരുമായി ഓൺലൈൻ കൂടിയാലോചനകളും നടത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഗ്രാമസഭകളിൽ അടിസ്ഥാന തലത്തിലുള്ള സാമൂഹിക കൂട്ടായ്മകളുടെ പങ്കാളിത്തത്തോടെ കൂടുതൽ ജനകീയമാക്കുന്നതിനും ഭരണഘടനാമൂല്യങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് ബോധപൂർവമായ ഇടപെടൽ നടത്തുന്നതിനും നിർദേശം നൽകുമോ? | (ഡി) | ഗ്രാമസഭകളെ ജനകീയമാക്കുന്നതിന് ഗ്രാമസഭയുടെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ പ്രചരണങ്ങൾ നടത്താറുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനം ഉണ്ടാകുന്നതാണ്. ഗ്രാമസഭകൾ ഓൺലൈനായി സംഘടിപ്പിക്കുന്നത് വഴി ഏതൊരു വ്യക്തിക്കും അവർ ഇപ്പോൾ നിൽക്കുന്ന സ്ഥലങ്ങളിൽ നിന്നും ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നതും അതു വഴി ഗ്രാമസഭകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ